പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 6504 — 09. 07. 2014 ൽ മറുപടിക്ക്

## വൈദ്യുതി ബോർഡ് ജീവനക്കാരുടെ സർവ്വീസ് ചട്ടങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി ബോർഡിലെ ജീവന ക്കാർക്ക് ബാധകമായ കെ.എസ് .ആർ., കെ. എസ്. എസ് .ആർ. ഉൾപ്പെടെയുള്ള സർവ്വീസ് ചട്ടങ്ങൾ കമ്പനിയാ ക്കുമ്പോഴും ബാധകമായിരി ക്കുമോയെന്നറിയിക്കുമോ ; | (എ) ഇലക്ട്രിസിറ്റി ആക്ട്, 2003 ജീവനക്കാർക്ക് നൽകുന്ന എല്ലാ പരിരക്ഷയും ഉറപ്പുവരുത്തി-ക്കൊണ്ടാണ് 31.10.2013 ലെ റീവെസ്റ്റിംഗ് വിജ്ഞാപനം ഇറക്കിയിരിക്കുന്നത്. ജീവനക്കാരുടെ നിലവിലുള്ള സേവന-വേതന വ്യവസ്ഥകളിൽ ഒട്ടും കുറവു വരാതെ അവ സംരക്ഷിക്കണമെന്ന വൈദ്യുതി നിയമത്തിലെ 133, 134 വകുപ്പുകളിലെ നിർദ്ദേശങ്ങളനുസരിച്ചാണ് കൈമാറ്റ പദ്ധതിയിലെ വ്യവസ്ഥകളും തയ്യാറാക്കിയിട്ടുള്ളത്. കെ.എസ്.ആർ. , കെ.എസ്.എസ്. ആർ. ഉൾപ്പെടെയുള്ള സർവ്വീസ് ചട്ടങ്ങൾ കൈമാറ്റ പദ്ധതിയിലെ വ്യവസ്ഥകൾക്ക് വിധേയമായി കമ്പനിയിലും ബാധകമായിരിക്കും. |
| (ബി) കമ്പനിയാക്കുമ്പോൾ ജീവന ക്കാരുടെ സർവ്വീസ് ചട്ടങ്ങൾ എന്തായിരിക്കുമെന്ന വിശദീകരി ക്കുമോ ? | (ബി) നിലവിലുള്ള സർവ്വീസ് ചട്ടങ്ങൾ കമ്പനിയിലും തുടരുന്നതാണ്. എന്നാൽ സർക്കാരിന്റെ അനുമതിയോടുകൂടി. വൈദ്യുതി നിയമത്തിലെയും രണ്ടാം കൈമാറ്റ പദ്ധതിയിലേയും വ്യവസ്ഥകൾക്കു വിധേയമായി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളിൽ ഉചിതമായ ഭേദഗതികൾ വരുത്തുന്നതിനും പുതിയ റെഗുലേഷനുകളിറക്കുന്നതിനും കൈമാറ്റ പദ്ധതിയിൽ കമ്പനിക്ക് അനുമതി നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ